ഉത്തരം

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ ഇളമാട്ട് പഞ്ചായത്തിൽ ചെറിയ വെളിനല്ലൂർ കോമൺപ്ലോട്ടിൽ കൈവശാവകാശമുള്ള 34 കുടുംബങ്ങൾക്കും ഭൂമി പതിവിന് സർക്കാർ ഉത്തരവ് ആവശ്യമാണ്.

(ബി) വേങ്ങൂർ കോമൺപ്ലോട്ടിലെ 6 കുടുംബങ്ങളുടെ ഭൂമി പതിവ് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ തീർപ്പാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത സ്ഥലം പതിച്ചുകൊടുക്കുന്നതിന് കൃഷി വകുപ്പിന്റെ അനുമതി ആവശ്യമാണ്.

(സി) 51 കുടുംബങ്ങളുണ്ട്. കൈവശം സാധൂകരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കടൽപ്പുറത്തും പുറമ്പോക്കിലും താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കൈവശഭൂമി പതിച്ചുകൊടുക്കാൻ നടപടി

110 [1330] ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽപ്പുറത്തും പുറമ്പോക്കിലും താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അവരുടെ കൈവശഭൂമി പതിച്ചുകൊടുക്കാനുദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ഭൂമി പതിച്ചുകൊടുത്തു ;

(സി) 2005-06-ൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഭൂമി പതിച്ചു കൊടുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം സമുദ്രതീരത്തിനടുത്ത് ഉയർന്ന ജലപരിധിയിൽ നിന്ന് 100 അടി വിട്ട് ഭൂമി താൽക്കാലികമായി പതിച്ച് കൊടുക്കാൻ വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥകൾ പ്രകാരം പട്ടയം നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 318 പേർക്ക് ഭൂമി പതിച്ച് കൊടുക്കുകയും 218 പേർക്ക് കൈവശരേഖ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) 2005-06-ൽ 594 മത്സ്യത്തൊഴിലാളികളുടെ അപേക്ഷകളിൽ അർഹതയനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly